ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിലെ കേഡർ തസ്തികയുടെ അനുബന്ധമായി കണക്കാക്കിയിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറിന്റെ തസ്തിക നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഗ്രന്ഥശാലാസംഘത്തിൽ അനുയോജ്യമായ ആളുകൾ ഇല്ലാതിരുന്ന സന്ദർഭത്തിലാണ് വിദ്യാഭ്യാസ വകുപ്പിലെ കേഡർ തസ്തികയുടെ അനുബന്ധ തസ്തികയായി കണക്കാക്കി നിയമനം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ ഗ്രന്ഥശാലാസംഘത്തിൽ യോഗ്യതയുള്ള ആളുകൾ ഉള്ളതിനാൽ ഈ നിയമനം അവർക്ക് അവകാശപ്പെട്ടതാണെന്ന് ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടു.

(സി) ഗ്രന്ഥശാലാസംഘത്തിലെ ഒരു സീനിയർ സൂപ്രണ്ടിനെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ട്.

(ഡി) സംഘത്തിൽ ഇപ്പോൾ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറിനു മുൻപ് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ നിർവ്വഹിച്ച എല്ലാ ജോലികളും നിർവ്വഹിക്കാവുന്നതാണ്. ഏതെങ്കിലും കാര്യത്തിൽ സാങ്കേതിക തടസ്സം ഉണ്ടായാൽ അത് പരിഹരിക്കാവുന്നതേയുള്ളു.

യൂണിവേഴ്സിറ്റികൾ ശുപാർശചെയ്ത കോഴ്സുകൾ

1857 [2897] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

യൂണിവേഴ്സിറ്റികൾ ശുപാർശചെയ്തിട്ടുള്ള കോഴ്സുകൾ അതാതു കോളേജുകളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ കോഴ്സുകൾ തുടങ്ങുന്നതിനെപ്പറ്റി ഒരന്തിമതീരുമാനമായിട്ടില്ല.

സ്വകാര്യ ബേസിക് ട്രെയിനിംഗ് സ്കൂളുകളിൽ ടി. ടി. സി. അഡ്മിഷനുള്ള ക്രമക്കേടുകൾ

1858 [2898] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബേസിക് ട്രെയിനിംഗ് സ്കൂളുകളിൽ ടി.ടി.സി.-ക്ക് അഡ്മിഷൻ നൽകുന്നതിനു നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് 1986 ഒക്ടോബർ 30-വരെ വിദ്യാഭ്യാസ വകുപ്പിനു ഏത്ര പരാതികൾ ലഭിച്ചു;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ക്രമക്കേടു നടത്തിയ ഏതെങ്കിലും മാനേജുമെൻറിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം ഐ.എച്ച്.എം.ബി.ടി.എസ്.-നെ സംബന്ധിക്കുന്ന പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഡിപ്പാർട്ടുമെൻറു സെലക്ടു ചെയ്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിച്ചതിനെ തുടർന്ന് അന്നത്തെ ടീച്ചർ ഇൻ ചാർജ്ജിനെ സസ്പെൻഷനിൽ നിറുത്തുകയുണ്ടായി.

(സി) ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് വിശദ റിപ്പോർട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ആർ. ഇ. സി. ഗവേണിംഗ് ബോഡി

1859 [2899] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആർ. ഇ. സി. ഗവേണിംഗ് ബോഡി യോഗം ചേരുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) ഈ ഗവേണിംഗ് ബോഡിയിൽ ആരെല്ലാമാണ് മെമ്പർമാരായിട്ടുള്ളത്;

(സി) സ്ഥലം എം. പി., എം. എൽ. എ. എന്നിവരേയും ഈ സ്ഥാപനത്തിലെ അദ്ധ്യാപക ജീവനക്കാരുടെ പ്രതിനിധിയേയും ഉൾപ്പെടുത്തുന്നില്ലെങ്കിൽ ഇവരെ ഗവേണിംഗ് ബോഡിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു സൊസൈറ്റിയായി പ്രവർത്തിക്കുന്ന കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൻെറ നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനുമനുസരിച്ച് കോളേജിൻെറ ഗവേണിംഗ് ബോഡി യോഗം മൂന്നുമാസത്തിലൊരിക്കൽ കൂടേണ്ടതും എന്നാൽ നാലു മെമ്പർമാരിൽ കുറയാത്ത മെമ്പർമാർ രേഖാമൂലം ആവശ്യപ്പെടുമ്പോഴും, ചെയർമാനുചിതമെന്നുതോന്നുമ്പോഴും പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്. ബോർഡ് യോഗത്തിന് 15 ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകിയിരിക്കണം.

(ബി) മെമ്പർമാരായിട്ടുള്ളവരുടെ വിവരം താഴെ കൊടുക്കുന്നു:

1. ശ്രീ. ടി. എം. ജേക്കബ്, സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി—ചെയർമാൻ.

2. ശ്രീ. എം. എസ്. കെ. രാമസ്വാമി, കമ്മീഷ്ണർ ആൻറ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്—മെമ്പർ.

3. ശ്രീ. ആർ. നാരായണൻ, സെക്രട്ടറി, ധനകാര്യ വകുപ്പ്—മെമ്പർ.

4. ശ്രീ. ടി. എസ്. രാമനാഥ അയ്യർ, സാങ്കേതിക വിദ്യാഭ്യാസവകുപ്പു ഡയറക്ടർ—മെമ്പർ.

LIBRARY ARCHIVES Kerala Legislative Assembly